**"ഭരണ ഭാഷ – മാതൃഭാഷ"**

**ഇൻഫർമേഷൻ കേരളാ മിഷൻ**

'പ്രതീക്ഷ' ,ഗവ: എഞ്ചിനീയറിംഗ് കോളേജിനു സമീപം ,തിരുവനന്തപുരം – 695 581

**06.03.2015-ന് വൈകുന്നേരം 3:30 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

ഹാജർ:-

1. ശ്രീ.ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (**ചെയർമാൻ**)
2. ശ്രീ.ഇ.കെ.പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ.സുഭാഷ് ജോൺ മാത്യു, അഡീഷണൽ സെക്രട്ടറി, ഐ.ടി. ഡിപ്പാർട്ട്മെന്റ്
4. ശ്രീ. അജിത് ബ്രഹ്മാനന്ദൻ, ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം
5. ശ്രീ.സി.പി.സുരേഷ്കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (**മെമ്പർ സെക്രട്ടറി**)

"ഭരണ ഭാഷ – മാതൃഭാഷ"

## ഇൻഫർമേഷൻ കേരളാ മിഷൻ

സ്വരാജ് ഭവൻ, ഗ്രൌണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

**06.03.2015-ന് വൈകുന്നേരം 3:30 -ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 6-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| 6.1 | **21.11.2014 തീയതിയിൽ നടന്ന 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ.** |
| | 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. മിനിട്ട്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിച്ചു.<br>5.2(3.14) – എൽ.സി.ഡി പ്രൊജക്റ്ററിന് പകരം എൽ.ഇ.ഡി പ്രൊജക്ടർ വാങ്ങാൻ തീരുമാനിച്ചു.<br>5.2(3.14) – സി.യു ജി. പ്ലാൻ ക്വട്ടേഷൻ വിളിക്കേണ്ടതില്ല. മൊബൈൽ കമ്പനികളിൽ നിന്നും നേരിട്ട് റേറ്റ് വാങ്ങി നടപടികൾ തുടരാവുന്നതാണ്. |
| 6.2 | **5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലെ മിനിട്ട്സിൻമേൽ എടുത്ത നടപടി.** |
| | **5.4 സ്വരാജ് ഭവനിൽ ഐ.കെ.എമ്മിന് അനുവദിച്ച സ്ഥലത്ത് സിവിൽ വർക്കുകൾ സർക്കാർ അംഗീകൃത ഏജൻസികൾ വഴി ഐ.കെ.എമ്മിന് നേരിട്ട് ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്.** |
| | 27.11.2014 ലെ 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5.4 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം സിവിൽ വർക്കുകൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുഖേന നടപ്പാക്കി സമയ പരിധിക്കുള്ളിൽ ഐ.കെ.എമ്മിന്റെ പ്രവർത്തനം സ്വരാജ് ഭവനിൽ തുടങ്ങുന്നതിന് നിർദ്ദേശിച്ചിരുന്നു.<br>ആയത് പ്രകാരം സിവിൽ ജോലികളിൽ 75%വും കാബിനുകൾ, ഷെൽഫുകൾ,ടെക്നിക്കൽ സപ്പോർട്ട്, സോഫ്റ്റ്‌വെയർ ലാബ് എന്നിവിടങ്ങളിലെ വർക്ക് സ്റ്റേഷനുകളിലെ പെയിന്റിങ്ങ് ഒഴികെയുള്ള ജോലികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഫാൾ സീലിംഗ് ആവശ്യമുള്ള സ്ഥലങ്ങളിൽ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗ് അവരുടെ ജോലി പൂർത്തിയാക്കാത്തതിനാൽ ബാക്കിയുള്ള ജോലികൾ ചെയ്യാൻ കഴിയുന്നില്ല. |
| | **എടുത്ത തീരുമാനം:** എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്ക് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകുന്നതാണ്. |
| | **5.5 സ്വരാജ് ഭവനിൽ താൽക്കാലിക സൌകര്യങ്ങൾ ഒരുക്കി മാറുന്നതിനുള്ള അനുമതി സംബന്ധിച്ച്.** |
| | 27.11.2014 ലെ 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5.5 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം താൽകാലിക നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ, യു.പി.എസ്/ടെലഫോൺ കണക്ഷൻ എന്നിവ ചെയ്യുന്നതിനുള്ള അനുമതി നൽകിയിരുന്നു.<br>താൽകാലിക നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ, യു.പി.എസ്/ടെലഫോൺ കണക്ഷൻ എന്നിവ സ്വരാജ് ഭവനിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ശ്രീകാര്യത്തെ പ്രതീക്ഷ ടവ്വറിൽ നിന്നും 30.12.2014 ന് തന്നെ ഐ.കെ.എം പൂർണ്ണമായും സ്വരാജ് ഭവനിലേക്ക് മാറ്റി താൽകാലിക സംവിധാനത്തിൽ പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു. എന്നിരുന്നാലും പഴയ ഓഫീസിലെ ഉപയോഗ ശൂന്യമായ വസ്തുക്കൾ അവിടെ നിന്നും പൂർണ്ണമായും നീക്കം ചെയ്തിട്ടില്ല. ആയതിന് കെട്ടിടം ഉടമയോട് സമയം ആവശ്യപ്പെട്ടിട്ടുണ്ട്. |
| | **എടുത്ത തീരുമാനം:** പൂർണ്ണമായും സ്വരാജ് ഭവനിലേക്ക് മാറി എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിയെ ബോധ്യപ്പെടുത്തി. |
| | **5.7 ഐ.കെ.എമ്മിന്റെ ബാങ്ക് അക്കൌണ്ടുകൾ സ്വരാജ് ഭവന് സമീപമുള്ള ദേശസാൽകൃത ബാങ്കുകളിലേക്ക് മാറ്റുന്നത് സംബന്ധിച്ച്.** |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | 27.11.2014 ലെ 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5.7 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നന്തൻകോട് ശാഖയിലേക്ക് ഐ.കെ.എമ്മിന്റെ ബാങ്ക് അക്കൗണ്ടുകൾ മാറ്റിയിട്ടുള്ള വിവരം എക്സിക്യൂട്ടീവ് കമ്മിറ്റിയെ അറിയിക്കുന്നു. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. |
| | **5.11 ഐ.കെ.എമ്മിൽ കരാർ വ്യവസ്ഥയിൽ താൽക്കാലികമായി മൂന്ന് പ്രോഗ്രാമർ ട്രെയിനികളെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | 27.11.2014 ലെ 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5.7 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം ഫീൽഡിൽ നിന്നും സമർത്ഥരായ മൂന്ന് ജീവനക്കാരെ തെരഞ്ഞെടുത്ത് 23.01.2015 ലെ 5018/ഇ1/2014/ഐകെഎം നമ്പർ ഉത്തരവ് പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രോജക്ടിന്റെ ജോലികൾ ചെയ്യുന്നതിന് നിയോഗിച്ച് ഉത്തരവ് ഇറക്കിയിട്ടുള്ള വിവരം എക്സിക്യൂട്ടീവ് കമ്മിറ്റിയെ അറിയിക്കുന്നു. |
| | **എടുത്ത തീരുമാനം:** ശ്രദ്ധയിൽപ്പെടുത്തി. ഈ ജീവനക്കാരുടെ ശമ്പളവും അനുബന്ധ ചെലവുകളും സോഷ്യൽ സെക്യൂരിറ്റി മിഷൻ തന്ന തുകയിൽ നിന്നും വഹിക്കേണ്ടതാണ്. |
| | **4.3 ഐ.കെ.എം-ന്റെ 2014-2015 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | 09.10.2014 ലെ 4-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 4.2 നമ്പർ തീരുമാനപ്രകാരം ഐ.കെ.എമ്മിന്റെ 2014-2015 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ഫേമിൽ നിന്നും Expression of Interest വാങ്ങുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതുപ്രകാരം ലഭിച്ച പ്രപ്പോസലുകൾ**(അനുബന്ധം–1)**തുടർ നടപടികൾക്കായി സമർപ്പിക്കുന്നു. |
| | **എടുത്ത തീരുമാനം:** വിശദമായ Comparative Statement സഹിതം അടുത്ത കമ്മിറ്റിയിൽ ഒന്നുകൂടി വയ്ക്കാൻ തീരുമാനിച്ചു. |
| | **4.6 തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റ് പുനഃക്രമീകരിക്കുന്നതിന് വേണ്ടി ഓപ്പൺ സോഴ്സ് സംവിധാനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഒരാളെ താൽകാലികമായി നിയമിക്കുന്നത് സംബന്ധിച്ച്.** |
| | 27.11.2014 ലെ 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5.3 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം 22,500/- രൂപ വേതനം നിശ്ചയിച്ച് വീണ്ടും പത്ര പരസ്യം ചെയ്യാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രങ്ങളിൽ പരസ്യം ചെയ്തിട്ടുള്ള വിവരം എക്സിക്യൂട്ടീവ് കമ്മിറ്റിയെ അറിയിക്കുന്നു. |
| | **എടുത്ത തീരുമാനം:** CMS സംബന്ധിച്ച് ഐ.ടി.മിഷനുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. |
| | **4.12 ശ്രീ. ആനന്ദ്.യു.ആർ, സീനിയർ ടെക്നിക്കൽ ഓഫീസർ, കോഴിക്കോട് കോർപ്പറേഷൻ - ശിക്ഷണനടപടി സംബന്ധിച്ച്.** |
| | 27.11.2014 ലെ 5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5.3 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം, ശ്രീ. ആനന്ദ് തുടർച്ചയായി മനപ്പൂർവ്വം സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്നതായും, നിലവിലുള്ള സംവിധാനങ്ങളെ അനുസരിക്കാൻ ശ്രീ.ആനന്ദ് തയ്യാറാകുന്നില്ല എന്നും കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. മെഡിക്കൽ അവധി എടുത്ത് അനുമതിയില്ലാതെ വിദേശ യാത്ര നടത്തുക, തുടർച്ചയായി അനുമതിയില്ലാതെ ജോലിയിൽ നിന്ന് വിട്ടുനിൽക്കുക തുടങ്ങിയ കടുത്ത അച്ചടക്ക ലംഘനങ്ങൾ അനുവദിച്ചുകൊടുക്കുന്നത് ഇൻഫർമേഷൻ കേരള മിഷനിലെ മറ്റു ജീവനക്കാർക്കും ഒരു തെറ്റായ മാതൃക കാണിച്ചുകൊടുക്കുമെന്നും കമ്മിറ്റിക്ക് ബോധ്യമായ സാഹചര്യത്തിൽ ശ്രീ.ആനന്ദിന്റെ മറുപടി നിരസിച്ചുകൊണ്ട് ഇദ്ദേഹത്തെ ഇൻഫർമേഷൻ കേരള മിഷന്റെ സേവനത്തിൽ നിന്നും നീക്കം ചെയ്യാൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. ഇതുവരെ നീക്കം ചെയ്തിട്ടില്ല.<br><br>5-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 5.3 നമ്പർ തീരുമാനപ്രകാരം ശ്രീ.ആനന്ദിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള നടപടികൾ നടത്തി വരവെ ടിയാൻ ബഹു.മുഖ്യമന്ത്രിക്ക് ഒരു നിവേദനം നൽകുകയും ആയത് റിപ്പോർട്ടിനായി ഇൻഫർമേഷൻ കേരള മിഷനിലേക്ക് അയച്ചു തരികയുമുണ്ടായി. ഇതിൻമേലുള്ള പരിശോധന നടന്നുവരികയാണ്. ഇതുകൊണ്ടാണ് ശ്രീ.ആനന്ദിനെ പിരിച്ചുവിടാനുള്ള തീരുമാനം നടപ്പിലാക്കാൻ കാലതാമസമുണ്ടായത്. |
| | **എടുത്ത തീരുമാനം:** ഇതുവരെ എടുത്ത നടപടികൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് മുഖ്യമന്ത്രിയ്ക്ക് അയക്കുവാനും, ആ വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് അയക്കുവാനും നിർദ്ദേശിച്ചു. |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| 6.3 | **പുതിയ എക്സിക്യൂട്ടീവ് ഡയറക്ടർ ചാർജ്ജ് എടുത്തത് സംബന്ധിച്ച്.** |
| | 03.12.2014 ലെ ജി.ഒ(ആർ.ടി)നം.3176/2014/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് ശ്രീ.സി.പി.സുരേഷ്കുമാർ, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വകുപ്പ് മേധാവി, ടെക്നിക്കൽ എജ്യൂക്കേഷൻ വകുപ്പ്, ഗവ.പോളിടെക്നിക്ക് കോളേജ്, വെണ്ണിക്കുളം, പത്തനംതിട്ട ചാർജ്ജ് എടുത്ത വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| **എടുത്ത തീരുമാനം** | ശ്രദ്ധയിൽപ്പെടുത്തി. |
| 6.4 | **സ്വരാജ് ഭവനിലെ നെറ്റ്‌വർക്ക് കേബിൾ ജോലികൾ സർക്കാർ അംഗീകൃത ഏജൻസികൾ വഴി ഐ.കെ.എമ്മിന് നേരിട്ട് ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്.** |
| | 20.05.2014 ൽ കൂടിയ ഐ.കെ.എമ്മിന്റെ 2-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 2.8 നമ്പർ അജണ്ടയുടെ തീരുമാനപ്രകാരം സ്വരാജ് ഭവനിലെ നെറ്റ്‌വർക്കിംഗ് അനുബന്ധ ജോലികൾ ഇ-ടെണ്ടർ മുഖേന ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു.<br><br>എന്നാൽ സ്ട്രക്ച്ചേഡ് കേബിളിങ്ങ് (നെറ്റ്‌വർക്ക് & ടെലഫോൺ) സിവിൽ വർക്കിന്റെ കൂടെത്തന്നെ ചെയ്യ്തു പോകുന്നതാണ് ഉചിതം. ആയതിനാൽ നെറ്റ്‌വർക്ക് കേബിൾ ജോലികൾ കൂടി സർക്കാർ അംഗീകൃത ഏജൻസികൾ വഴി ഐ.കെ.എമ്മിന് നേരിട്ട് ചെയ്യുന്നതിനുള്ള അനുമതിക്കായി. ഇതിന് ഏകദേശം 10 ലക്ഷം രൂപയുടെ ചെലവ് കണക്കാക്കുന്നു. (വിശദവിവരം **അനുബന്ധം-2** ആയി ചേർക്കുന്നു.) |
| **എടുത്ത തീരുമാനം** | കെൽട്രോണിന് നൽകാം. കെൽട്രോണുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. |
| 6.5 | **ഐ.കെ.എമ്മിൽ നിലവിലുള്ള കേടായ ഫർണ്ണിച്ചറുകളും മറ്റും ക്വട്ടേഷൻ വിളിച്ച് ലേലം ചെയ്യ്ത നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.** |
| | ശ്രീകാര്യത്ത് പ്രതീക്ഷാടവേഴ്സിൽ ഇൻഫർമേഷൻ കേരള മിഷന്റെ പഴയ ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലെ ഉപയോഗ പ്രദമല്ലാത്ത പഴയ വസ്തുക്കൾ വിറ്റഴിക്കുന്നതിന് 12.02.2015-ലെ ക്വട്ടേഷൻ നമ്പർ.3657(04)/P&W/IKM/2015 പ്രകാരം മൽസര സ്വഭാവത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുകയും, ക്വട്ടേഷന്റെ തുടർനടപടി സ്വീകരിക്കുന്നതിനായി 18.02.2015-ലെ നം.857/ഇ1/2015/ഐ.കെ.എം ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്യിരുന്നു. അതിൻപ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ ആകെ എട്ട് ക്വട്ടേഷനുകൾ ലഭിക്കുകയുണ്ടായി. 20.02.2015 വൈകിട്ട് നാല് മണിക്ക് സ്വരാജ് ഭവനിലെ ആറാംനിലയിലുള്ള മിനി കോൺഫറൻസ് ഹാളിൽ ക്വട്ടേഷൻ തുറക്കുന്ന അവസരത്തിൽ ഹാജരായിരുന്ന അഞ്ചു പേരുടെ ക്വട്ടേഷനുകൾ മാത്രം പരസ്യമായി തുറക്കുകയും ഉടമസ്ഥർ ഹാജരില്ലാതിരുന്ന മൂന്ന് ക്വട്ടേഷനുകൾ മാറ്റിവയ്ക്കുകയും ചെയ്യു. യോഗ്യമായ അഞ്ചു ക്വട്ടേഷനുകളിലെ രേഖപ്പെടുത്തപ്പെട്ട തുക ചുവടെ ചേർക്കുന്നു. |

| Sl. No. | Name & Adress | Quotation Amount (in Rs.) |
|---|---|---|
| 1 | ശ്രീ.വി.കുമാർ ,റ്റി.സി.നം191/38.പി എച്ച് റോഡ് , തിരുവനന്തപുരം. ശ്രീബാലാജി വെയ്സ്റ്റ് പേപ്പർ സ്റ്റോർ. | 11,16,675/- |
| 2 | ഷാഫി എം ,.റ്റി.സി നം1042/47.പള്ളിവിളാകം പുരയിടം,കഞ്ചാലുംമൂട്. | 2,57,999/- |
| 3 | എം ഷാഹുൽ ഹമീദ് ,റ്റി.സി.നം,(16)400/20.മേലാറന്നൂർ, കരമനപി.ഒ തിരുവനന്തപുരം. | 2,13,000/- |
| 4 | മാഹീൻകണ്ണ് ,റ്റി.സി .നം 1417/20.കഞ്ചാലുംമൂട് ,കരമന പി.ഒ ,തിരുവനന്തപുരം. | 2,00,001/- |
| 5 | ഖലീൽ എ ,റ്റി.സി.നം. 1033/47 പള്ളിവിളാകം പുരയിടം, കരമന, തിരുവനന്തപുരം. | 3,03,333/- |

ലഭിച്ച ക്വട്ടേഷനുകളിൽ നികുതി ഉൾപ്പെടെ ഏറ്റവും കൂടുതൽ തുക 11,16,675/-രൂപ (പതിനൊന്ന് ലക്ഷത്തി പതിനാറായിരത്തി അറുന്നൂറ്റി എഴുപത്തിയഞ്ചു) കോട്ട് ചെയ്യ ശ്രീ.വി.കുമാർ, ശ്രീബാലാജി വെയ്സ്റ്റ് പേപ്പർ സ്റ്റോർ, റ്റി.സി.നം,191/38.പി എച്ച് റോഡ് ,തിരുവനന്തപുരം. എന്നയാൾ ക്വട്ടേഷനിൽ ഉറച്ച് നിൽക്കുകയും നികതി കഴിച്ചുള്ള തുകയുടെ 80% Rs.8,50,000/-(എട്ട് ലക്ഷത്തി അൻപതിനായിരം രൂപ) രൂപയുടെ ചെക്ക് ഹാജരാക്കുകയും ചെയ്യ സാഹചര്യത്തിൽ ബാക്കി തുക അടിയന്തിരമായി കെട്ടിവയ്ക്കുകയും ക്വട്ടേഷന്റെ

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | ഭാഗമായുള്ള എഗ്രിമെൻറ് ഒപ്പിട്ടു നൽകുകയും വേണമെന്നും ഇൻഫർമേഷൻ കേരളമിഷന്റെ ശ്രീകാര്യം പ്രതീക്ഷാ ടവേഴ്സിലുണ്ടായിരുന്ന ആഫീസിലെ ഉപയോഗപ്രദമല്ലാത്ത പഴയ വസ്തുക്കൾ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും 2015 ഫെബ്രുവരി 28 തീയതി വൈകിട്ട് 3.30ന് മുമ്പായി പൂർണ്ണമായും നീക്കം ചെയ്യണമെന്നുമുള്ള വ്യവസ്ഥയിൽ ഏറ്റവും കൂടുതൽ തുക നിർദ്ദേശിച്ച ശ്രീ.വി.കുമാർ, എന്നയാൾക്ക് ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തു. ഈ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | അംഗീകരിച്ചു. |
| 6.6 | **ഐ.കെ.എമ്മിൽ നിലവിലുള്ള ലൈബ്രറി ബുക്കുകൾ മാറ്റുന്നത് സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരള മിഷനിൽ നിലവിലുണ്ടായിരുന്ന ലൈബ്രറി സ്വരാജ് ഭവനിൽ സ്ഥലമില്ലാത്തതിനാലും നിലവിലുള്ള പുസ്തകങ്ങളിൽ ആവശ്യമുള്ളവ ഐ.കെ.എമ്മിൽ നിലനിർത്തി ബാക്കിയുള്ളവ സർക്കാർ സ്കൂളുകൾ/അംഗീകൃത ലൈബ്രറികൾക്ക് സൌജന്യമായി വിട്ടുനൽകുന്നതിനും, അവ ഐ.കെ.എമ്മിന്റെ അസറ്റിൽ നിന്നും കുറവ് വരുത്തുന്നതിനുമുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | ഒരു ഇന്റേർണൽ കമ്മിറ്റി രൂപീകരിച്ച് ഐ.കെ.എം,സർക്കാർ സ്കൂളുകൾ, അംഗീകൃത ലൈബ്രറികൾ എന്നിവർക്ക് ആവശ്യമായ പുസ്തകങ്ങൾ മൂന്നായി തരംതിരിച്ചതിനു ശേഷം ബാക്കിയുള്ളവ പാഴ് കടലാസ് ഇനത്തിൽപ്പെടുത്തി വിൽപ്പന നടത്താൻ തീരുമാനിച്ചു. |
| 6.7 | **ഐ.കെ.എം പുറത്തുനിന്നുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ഇൻസ്റ്റിറ്റ്യൂഷൻ ഫീ ഈടാക്കുന്നത് സംബന്ധിച്ച്.** |
| | തദ്ദേശ ഭരണസ്ഥാപനങ്ങൾ ഒഴികെയുള്ള വകുപ്പുകളിലും, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ഐ.കെ.എമ്മിന്റെ മേൽനോട്ടത്തിൽ കമ്പ്യൂട്ടർ അധിഷ്ഠിത പ്രോജക്ടുകളും പദ്ധതികളും നടപ്പിലാക്കുന്നതിനും അത്തരം പ്രവൃത്തികൾക്ക് ഇൻസ്റ്റിറ്റ്യൂഷൻ ഫീ ഇനത്തിൽ ആകെ പ്രോജക്ട് ചെലവിന്റെ 15% വും അതിൻ മേൽ സർക്കാർ നിശ്ചയിക്കും പ്രകാരമുള്ള സർവ്വീസ് ടാക്സും ഈടാക്കുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | മാറ്റിവച്ചു. |
| 6.8 | **ഐ.കെ.എം സ്വരാജ് ഭവനിൽ പുതിയ ഡിജിറ്റൽ പി.ബി.എക്സ് സിസ്റ്റവും, കോൺഫറൻസ് ഹാളിൽ മൈക്കും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനുള്ള അനുമതി സംബന്ധിച്ച്.** |
| | ഐ.കെ.എം സ്വരാജ് ഭവനിൽ ഒരു പുതിയ ഡിജിറ്റൽ പി.ബി.എക്സ് സിസ്റ്റവും, കോൺഫറൻസ് ഹാളിലേക്ക് ഒരു പബ്ലിക്ക് അഡ്രസ് സിസ്റ്റവും വാങ്ങുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | കമ്പനികളിൽ നിന്നും Proforma Invoice വാങ്ങി Rough Cost Estimate തയ്യാറാക്കി അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കാൻ നിർദ്ദേശിച്ചു. |
| 6.9 | **ഐ.കെ.എം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ജീവനക്കാരെ വിന്യസിക്കുന്നത് സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരള മിഷന്റെ സർക്കാർ അംഗീകരിച്ച ബൈലാ,റൂൾസ് ആന്റ് റെഗുലേഷൻസ് പ്രകാരം സ്വതന്ത്രമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്ന വേളയിൽ പ്രസ്തുത പ്രോജക്ടിലേക്ക് ഐ.കെ.എമ്മിൽ നിന്നും പുനർ വിന്യസിക്കപ്പെടുന്ന ജീവനക്കാർക്കും സാങ്കേതിക പരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ outsource ചെയ്യപ്പെടേണ്ടിവരുന്ന സാഹചര്യങ്ങളിലും അത്തരം ജീവനക്കാർക്ക് /സേവന ദാതാവിന് Project Breakup പ്രകാരമുള്ള ഉയർന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | ഓരോ പ്രോജക്ടും ഏറ്റെടുക്കുമ്പോൾ ആ സമയത്ത് മാത്രം അത് സംബന്ധിച്ച പ്രോപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നൽകി അംഗീകാരം വാങ്ങാൻ നിർദ്ദേശിച്ചു. |
| 6.10 | **സാഖ്യ സോഫ്റ്റ്വെയറിൽ കരാർ അടിസ്ഥാനത്തിൽ ആറ് മാസത്തേക്ക് ഒരു പ്രോഗ്രാമറെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | സാംഖ്യ സോഫ്റ്റ്വെയർ സംബന്ധമായ ഫീൽഡിലെ പ്രശ്ന പരിഹാരം സംബന്ധിച്ച സപ്പോർട്ട് നൽകുന്നതിന് മുമ്പ് സാഖ്യ സോഫ്റ്റ്വെയറിൽ ജോലിചെയ്തുകൊണ്ടിരുന്ന ശ്രീ.അയ്യൂബിനെ ആറ് മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതിക്കായി. |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| എടുത്ത തീരുമാനം | അംഗീകരിച്ചു. ഏതൊക്കെ ജോലികൾ ചെയ്യാനാണ് ശ്രീ.അയ്യൂബിനെ നിയമിക്കുന്നത് എന്ന് കാണിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു പ്രൊപ്പോസൽ കൂടി നിയമന ഉത്തരവിനോടൊപ്പം നൽകേണ്ടതാണ്. ഇത് അടുത്ത കമ്മിറ്റിയിൽ അവതരിപ്പിക്കാൻ നിർദ്ദേശിച്ചു. |
| 6.11 | **ഐ.കെ.എം പുറത്തുനിന്നുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ താൽകാലികമായി സോഫ്റ്റ്‌വെയർ പ്രോഗ്രമറെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരള മിഷൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വേണ്ടി ചെയ്യുന്ന പ്രോജക്ടുകൾക്ക് പുറമെ പുറത്ത് നിന്ന് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കുന്ന സമയത്ത് ആയതിലേക്കായി കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാമർമാരെ നിയമിക്കുന്നതിനുള്ള അനുമതിക്കായി. |
| എടുത്ത തീരുമാനം | മാറ്റിവച്ചു. |
| 6.12 | **ഓപ്പൺ സോഴ്സ് സംവിധാനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഒരാളെ താൽകാലികമായി നിയമിക്കുന്നത് സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരള മിഷൻ നാളിതുവരെ നടത്തിയിട്ടുള്ള ജി.ഐ.എസ് പ്രോജക്ടുകളിൽപ്പെട്ട മുസിരിസ് പൈതൃക പദ്ധതി, പെരിന്തൽമണ്ണ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികളിലും താനാളൂർ, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തുകളിലും പ്രിമിസസ്സ് മാപ്പിംഗ് എന്നീ പ്രോജക്ടുകൾ വെബ് അധിഷ്ഠിതമാക്കി ഐ.കെ.എം സോഫ്റ്റ്‌വെയറുകളുമായി ബന്ധിപ്പിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗപ്രദമാകും വിധം കൈമാറുന്നതിന് ജി.ഐ.എസ് പ്രാഗ്രാമുകൾ വെബ് അധിഷ്ഠിതമാക്കാൻ പ്രത്യേകം പരിശീലനം ലഭിച്ച ഒരു GIS Developer റുടെ സാങ്കേതിക സഹായം ആവശ്യമുണ്ട്.<br><br>ആയതിലേക്കായി താഴെ പറയുന്ന വിദ്യാഭ്യാസ യോഗ്യതയും പ്രായോഗിക പരിചയവും ഉള്ള ഒരാളെ 6 മാസത്തേക്ക് പ്രതിദിനം 1500/-രൂപ ക്രമത്തിൽ നൽകി താൽകാലികമായി നിയമിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. ആയതിലേക്ക് ആവശ്യമായ തുക ജി.ഐ.എസ് മുസിരിസ് പ്രോജക്ടിൽ ബാക്കിയുള്ള തുകയിൽ നിന്നും നൽകാവുന്നതാണ്.<br><br>Educational Qualification: BE / BTech / MCA<br>Skills: Developing and implementing open source software projects, GIS Application Development, Python language with Django frame work, Postgres and PostGIS data base, QGIS, Grass. |
| എടുത്ത തീരുമാനം | മുക്കാൽ ഭാഗവും പൂർത്തീകരിച്ച പ്രോജക്ടുകൾ ആയതിനാൽ ആളെ നിയമിച്ച് ജോലി പൂർത്തീകരിക്കാവുന്നതാണ്. ആവശ്യമായ തുക "ജി.ഐ.എസ് മുസിരിസ് പ്രോജക്ടിൽ" നിന്നും ചെലവഴിക്കേണ്ടതാണ്. |
| 6.13 | **ഐ.കെ.എമ്മിൽ നിലവിലുള്ള ഉപയോഗയോഗ്യമായ ഫർണ്ണിച്ചറുകൾ KREWS ന് കൈമാറുന്നത് സംബന്ധിച്ച്** |
| | ഐ.കെ.എമ്മിൽ നിലവിള്ള ഉപയോഗയോഗ്യമായ ഫർണ്ണിച്ചറുകൾ മുഴുവനും ഐ.കെ.എമ്മിന്റെ സ്വരാജ് ഭവനിലെ ഓഫീസിൽ ആവശ്യമില്ല. ഫർണ്ണിച്ചറുകളുടെ ലിസ്റ്റ് **അനുബന്ധം-4** ആയി ചേർക്കുന്നു. ഇതിൽ നിന്നും 3 ഓഫീസ് ടേബിൾ, 10 സ്റ്റീൽ റാക്ക്, 5 കമ്പ്യൂട്ടർ ടേബിൾ എന്നിവ KREWS ആവശ്യപ്പെട്ടിട്ടുണ്ട്. വില ഈടാക്കാതെ ഇത് KREWS ന് കൈമാറുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | **അംഗീകരിച്ചു.** ആവശ്യപ്പെടുന്ന പക്ഷം മറ്റ് സർക്കാർ ഓഫീസുകൾക്കും നൽകാവുന്നതാണ്. |
| 6.14 | **ഐ.കെ.എം സോഫ്റ്റ്‌വെയറുകളിൽ നിലവിലുള്ള പരാതികൾ പരിഹരിക്കുന്നത് സംബന്ധിച്ച്.** |
| | ഐ.കെ.എം വികസിപ്പിച്ച് വിന്യസിച്ചിരിക്കുന്ന സോഫ്റ്റ്‌വെയറുകൾ സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള പരാതികൾ കണ്ടാലും. ലിസ്റ്റ് **അനുബന്ധം-5** ആയി ചേർക്കുന്നു. നിലവിൽ സോഫ്റ്റ്‌വെയർ ഡിവിഷനിൽ ജീവനക്കാരുടെ അപര്യാപ്തതയുള്ളതിനാൽ ഐ.കെ.എം ഫീൽഡ് സ്റ്റാഫിൽ നിന്നും വിദ്യാഭ്യാസ യോഗ്യതയുമുള്ള ജീവനക്കാരെ തിരഞ്ഞെടുത്ത് സോഫ്റ്റ്‌വെയർ ഡിവിഷനിലേക്ക് നിയമിച്ച് ഐ.കെ.എം പ്രവർത്തനം സുഗമമാക്കാനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| **എടുത്ത തീരുമാനം** | അംഗീകരിച്ചു. |
| **6.15** | **ഇൻഫർമേഷൻ കേരള മിഷന്റെ തുടർ പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന സൌകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച്.** |
| | സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിനത്തിൽ ത്രിതല പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം എന്ന ശീർഷകത്തിൽ 2515-00-800-86-99(P) അനുവദിക്കുന്ന തുകയാണ് ഐ.കെ.എം - ന്റെ എല്ലാ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കപ്പെടുന്നത്. 2014-15 ൽ 800 ലക്ഷം രൂപ ബജറ്റ് വിഹിതമായി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചെങ്കിലും 2 കോടി രൂപ മാത്രം വിട്ടുനൽകുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത തുക ഐ.കെ.എം- ന്റെ അക്കൌണ്ടിലേയ്ക്ക് വിട്ടുനൽകിയിട്ടില്ല. നടപ്പ് സാമ്പത്തിക വർഷത്തെ നിർബന്ധിതമായും നിർവ്വഹിക്കേണ്ടതായ പ്രവർത്തനങ്ങൾക്ക് ആകെ 12 കോടിയോളം രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയുടെ വെളിച്ചത്തിൽ ഇപ്പോൾ അനുവദിക്കപ്പെട്ട 2 കോടിക്കു പുറമേ ശേഷിക്കുന്ന 6 കോടി രൂപ കൂടി സർക്കാരിൽ നിന്നു വിട്ടുകിട്ടാൻ സാധ്യത കുറവാണെന്നറിയുന്നു. 31.01.2015 വരെ ഐ.കെ.എം -ന്റെ എല്ലാ പ്രവർത്തനങ്ങൾക്കുമായി വേണ്ടി വന്ന 592 ലക്ഷം രൂപ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ സാങ്കേതിക ആവശ്യ നിർവ്വഹണത്തിനായി ഐ.കെ.എം- ൽ മുൻകൂട്ടി ഏൽപ്പിച്ച തുകയിൽ നിന്നും വക മാറിയാണ് ചെലവഴിച്ചിട്ടുള്ളത്. ഈ തുകയ്ക്കുള്ള സേവനം ലഭ്യമാക്കാതെ വന്നാൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ലക്ഷ്യം കൈവരിക്കാനാകാതെ വരും. ഈ' സാഹചര്യത്തിൽ കെ.എൽ.ജി.എസ്.ഡി.പി (KLGSDP) യുടെ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളതും വിനിയോഗിക്കാൻ കഴിയാത്തതുമായ വലിയൊരു തുകയുണ്ടെന്നറിയുന്നു. ഈ തുകയിൽ നിന്നും ഐ.കെ.എം- ന്റെ സ്ഥായിയായ അടിസ്ഥാന സൌകര്യ വികസനത്തിന് മതിയായ തുക അനുവദിച്ചു കിട്ടിയാൽ അത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാകമാനം ഗുണകരമായിരിക്കും എന്ന വസ്തുത മുൻനിർത്തി **അനുബന്ധം**-6 ൽ ചേർത്തിട്ടുള്ള പ്രകാരം 1206.5 ലക്ഷം രൂപ വിട്ടുകിട്ടുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്കും കെ.എൽ.ജി.എസ്.ഡി.പി യിലേയ്ക്കും അയക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നു. |
| **എടുത്ത തീരുമാനം** | മാർച്ചിനുള്ളിൽ പണം വിട്ടുകിട്ടിയില്ല എങ്കിൽ Ledger Account- ൽ ചേർത്ത് പണം അനുവദിക്കാൻ ഗവൺമെന്റിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ തീരുമാനിച്ചു. |
| **6.16** | **ശ്രീകാര്യത്ത് പ്രതീക്ഷാ ടവ്വറിലെ പഴയ ഓഫീസ് കെട്ടിടത്തിൽ അവശേഷിക്കുന്ന സാധന സാമഗ്രികൾ നീക്കം ചെയ്യാൻ സാങ്കേതിക തടസ്സങ്ങൾ നേരിട്ടതിനാൽ 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ വാടകയും വൈദ്യുത ചാർജ്ജും നൽകുന്നതിന് പ്രത്യേക അനുമതി സംബന്ധിച്ച്.** |
| | 2014 ഡിസംബർ 31-നു മുമ്പ് സ്വരാജ് ഭവനിൽ അനുവദിക്കപ്പെട്ട സ്ഥലത്ത്, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാറാതിരുന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വാടകയിനത്തിലുള്ള തുക ഈടാക്കണമെന്ന് Human Rights Commission ഉത്തരവായിട്ടുള്ളതാണ്. ശ്രീകാര്യത്ത് ഐ.കെ.എം പ്രവർത്തിച്ചുവരുന്ന പഴയ കെട്ടിടത്തിൽ നിന്നും 30.12.2014 ന് ആഫീസ് പ്രവർത്തനം നന്തൻകോടുള്ള സ്വരാജ് ഭവനിലേയ്ക്ക് താൽക്കാലികമായി മാറ്റി പ്രവർത്തിച്ചുവരുന്നു. പുതിയ കെട്ടിടത്തിൽ അത്യാവശ്യം വേണ്ട സിവിൽ ജോലികൾ ഹാബിറ്റാറ്റ് ഏറെക്കുറെ പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതീകരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള PWD Electrical Wing പൂർണ്ണതോതിൽ ജോലി പൂർത്തിയാക്കാത്തതിനാൽ സിവിൽ ജോലികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. സ്വരാജ് ഭവനിൽ ഐ.കെ.എം-ന്റെ എല്ലാ സെക്ഷനുകളും സുഗമമായി പ്രവർത്തിച്ചുവരാൻ ഇനിയും കാലതാമസം ഉണ്ടാകും. ഇപ്പോൾ ലഭ്യമായ സ്ഥലത്തെല്ലാം ചാക്കുകെട്ടുകളിൽ നിറച്ചഫയലുകളും പഴയ ഫർണിച്ചറുകളും കൂട്ടിയിട്ടിരിക്കുകയാണ്. പഴയ വസ്തുക്കളിൽ തേയ്മാനം കഴിച്ചുള്ള വിലയ്ക്ക് സിവിൽ വർക്കുകളുടെ ഭാഗവും, ഉപയോഗപ്രദമായ ഫാനുകളും എയർ കണ്ടീഷനുകളും ഏറ്റെടുക്കാൻ തയ്യാറാണെന്ന് കേന്ദ്ര സർക്കാരിൻെറ IISER ഔദ്യോഗികമായി അറിയിച്ചതിനെ തുടർന്ന് ലിസ്റ്റ് നൽകുകയും IISER-ന്റെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധന നടന്നുവരുന്നതുമാണ്. എന്നിരുന്നാലും ഐ.കെ.എം-ന്റെ രൂപീകരണ കാലം മുതലുള്ളതും കേടായതുമായ ഫർണിച്ചറുകളും കമ്പ്യൂട്ടറുകളും തുടങ്ങി ഉപയോഗശൂന്യമായ ഒട്ടേറെ വസ്തുക്കൾ അവിടെ നിന്നും മാറ്റേണ്ടതായിട്ടുണ്ട്. സ്വരാജ് ഭവനിൽ ഐ.കെ.എം-ന് അനുവദിച്ച സ്ഥലത്ത് ഇനിയും സാധനങ്ങൾ കൊണ്ട് വയ്ക്കാൻ സ്ഥലമില്ലാത്തതിനാൽ രണ്ടാഴ്ചകാലത്തേക്കു കൂടിയെങ്കിലും പഴയ കെട്ടിടം തുടർന്നും ഐ.കെ.എം-ന്റെ അധീനതയിൽ വയ്ക്കേണ്ടി വരും. ഈ സാഹചര്യത്തിൽ 2015 ജനുവരി, ഫെബ്രുവരി മാസത്തേയ്ക്കു "പ്രതീക്ഷാ" ടവറിനു കൊടുക്കേണ്ടതായ വാടകയും വൈദ്യുതി ചാർജ്ജും ഐ.കെ.എം-ൽ നിന്നടയ്ക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം നടപ്പാക്കുന്നതിന് മുൻപ് ഇക്കാര്യത്തിൽ Human Rights Commission-ന്റെ സാധൂകരണം |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | തേടുന്നതാണ്. |
| എടുത്ത തീരുമാനം | എക്സിക്യൂട്ടീവ് ഡയറക്ടർ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് കമ്മിറ്റി നിർദ്ദേശിച്ചു. |
| 6.17 | **ഐ.കെ.എം. ബ്രാൻഡഡ് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വിപണനം സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരള മിഷന് സ്വതന്ത്ര ബ്രാൻഡിൽ OEM കമ്പനികളുമായി ചേർന്ന് ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഐ.കെ.എം. ബ്രാൻഡിൽ വിതരണം നടത്തുന്നതിനും അവയുടെ വാർഷിക അറ്റകുറ്റ പണികളിൽ ഏർപ്പെടുന്നതിനുമുള്ള കരാർ നേടുന്നതിനും അനുമതിക്കായി സർക്കാരിനെ സമീപിക്കാൻ തീരുമാനമെടുക്കുന്നതിനായി. |
| എടുത്ത തീരുമാനം | മാറ്റിവച്ചു. |
| 6.18 | **Annual Running Rate Contract പ്രകാരം ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും ടെൻഡർ കൂടാതെ വാങ്ങുന്നതിനുള്ള നടപടികൾ സംബന്ധിച്ച്.** |
| | തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത സാധന സാമഗ്രികളുടെ ഘടനാപരവും സാങ്കേതികവുമായ ഗുണഗണങ്ങൾ (Technical Specification) ഐ.കെ.എം. നിശ്ചയിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നേരിട്ട് ആവശ്യാനുസരണം വാങ്ങുകയുമാണ് ചെയ്യുന്നത്. മിക്കപ്പോഴും വാങ്ങപ്പെടുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്താൻ തക്ക സാങ്കേതിക പരിജ്ഞാനം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കില്ലാത്തതിനാൽ ഒട്ടേറെ സാങ്കേതിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഒറ്റയ്ക്കൊറ്റയ്ക്കായി വാങ്ങുമ്പോൾ വിലയിലും ഗണ്യമായ വർദ്ധനവിന് ഇടയാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നിശ്ചിത സ്പെസിഫിക്കേഷൻ അനുസരിച്ച് വിതരണം ചെയ്യുന്നതിന് യോഗ്യരായ OEM കമ്പനികളുടെ Acreditationഏറ്റെടുക്കാൻ ഐ.കെ.എം. -ന് അനുമതി നൽകുകയും, Annual Running Rate Contractഅനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ ഐ.കെ.എമ്മുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ അവസരം ഒരുക്കുകയും ചെയ്താൽ ഓരോ ഇനത്തിലും ആകെ ചെലവഴിക്കേണ്ടിവരുന്ന തുകയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗണ്യമായ കുറവ് വരുത്താനും, Institutional feeഇനത്തിൽ ഐ.കെ.എം.-ന്റെ വരുമാനം വർദ്ധിപ്പിക്കാനും, സാധന സാമഗ്രികളുടെ Quality Control (QC) ഉറപ്പിക്കാനും കഴിയുമെന്നതിനാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിക്കായി സർക്കാരിനെ സമീപിക്കാൻ തീരുമാനം കൈക്കൊള്ളുന്നതിനായി. |
| എടുത്ത തീരുമാനം | മാറ്റിവച്ചു. |
| 6.19 | **ഇൻഫർമേഷൻ കേരള മിഷനെ Total Service Provider (TSP) ആക്കുന്നത് സംബന്ധിച്ച്.** |
| | 22.12.2012-ലെ നമ്പർ (കൈയ്യെഴുത്ത്) 343/2012/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം ഇൻഫർമേഷൻകേരള മിഷനെ (ഐ.കെ.എം.) തദ്ദേശ സ്വയം ഭരണ വകുപ്പിനു കീഴിലെ ഒരു സ്വതന്ത്ര സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു പുറമേ മറ്റ് സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കു കൂടി കമ്പ്യൂട്ടർ അധിഷ്ഠിത സാങ്കേതിക വിദ്യയും അനുബന്ധസേവനങ്ങളും നൽകുന്നതിനുള്ള ഒരു പൂർണ്ണ സേവന ദാതാവായി (Total Service Provider) അംഗീകരിച്ചു കിട്ടുകയാണെങ്കിൽ സ്വകാര്യമേഖലയിലുൾപ്പടെയുള്ള ഒട്ടനവധി സംരംഭങ്ങൾക്ക് ഐ.കെ.എം.- ന്റെ സേവനം ലഭ്യമാക്കാനും അതുവഴി ഐ.കെ.എം.-ന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാനും സ്വാശ്രയസ്ഥാപനമായി മാറാനും കഴിയുന്നതാണ്.<br><br>ഐ.കെ.എം. - നെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കൊപ്പം മറ്റ് ഇതര സർക്കാർ വകുപ്പുകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ Total Service Provider ആയി നിശ്ചയിക്കുന്നതിനും, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള പ്രോജക്ടുകൾക്കു പുറമേ പുതുതായി വരുന്ന പ്രോജക്ടുകൾക്കും ഇതര സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവയുമായി ഏറ്റെടുക്കുന്ന ഓരോ |

| ഇനം നമ്പർ | ചർച്ച ചെയ്യേണ്ട /തീരുമാനമെടുക്കേണ്ട കാര്യങ്ങൾ |
|---|---|
| | പ്രോജക്ടിനും പ്രോജക്ടിന്റെ ആകെതുകയുടെ 15 ശതമാനം സർവീസ് ചാർജായും പ്രസ്തുത 15 ശതമാനത്തിൻമേൽ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ സർവീസ് ടാക്സും ഈടാക്കുന്നതിനുള്ള സർക്കാർ അംഗീകാരം നേടുന്നതിന് തുടർ നടപടി സ്വീകരിക്കാൻ അനുമതി നൽകുന്നതിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | മാറ്റിവച്ചു. |
| 6.20 | **ഇൻഫർമേഷൻ കേരള മിഷനിൽ സർവ്വീസ് ടാക്സ് കൺസൾട്ടന്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.** |
| | നിലവിൽ ഇൻഫർമേഷൻ കേരള മിഷന്റെ സർവ്വീസ് ടാക്സ് കൺസൾട്ടന്റ് ആയ ശ്രീ.ബി.രവീന്ദ്രൻ നായരുടെ സേവനം തൃപ്തികരമല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. അദ്ദേഹത്തെ തൽസ്ഥാനത്തുനിന്നും മാറ്റി ചാർട്ടേർഡ് അക്കൌണ്ടന്റായ ശ്രീ.ഹരി.സി യെ തൽസ്ഥാനത്ത് നിയമിക്കുന്നതിനുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | അംഗീകരിച്ചു. |
| 6.21 | **ഐ.കെ.എം സ്വരാജ് ഭവനിലെ ഓഫീസിൽ സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തുന്നതും അവരുടെ പ്രതിദിന വേതനം ഉയർത്തുന്നതും സംബന്ധിച്ച്.** |
| | സ്വരാജ് ഭവനിലേയ്ക്ക് മാറ്റി പ്രവർത്തനമാരംഭിച്ച ഐ.കെ.എം ഓഫീസിൽ കോടിക്കണക്കിന് രൂപ വിലപിടിപ്പുള്ള നിരവധി ഉപകരണങ്ങൾ ഉള്ളതിനാലും സ്ഥാപനത്തിന്റെ ആഭ്യന്തര സുരക്ഷ ഉറപ്പുവരുത്തേണ്ടതിനാലും ഇരുപത്തിനാലു മണിക്കൂറും പ്രവർത്തനസജ്ജമായ ഒരു സെക്യൂരിറ്റി സംവിധാനം അത്യാവശ്യമാണ്. ഈ സാഹചര്യത്തിൽ ഒരാൾക്ക് എട്ട് മണിക്കൂർ ഡ്യൂട്ടി എന്ന ക്രമത്തിൽ സീനിയോറിറ്റി പ്രകാരം 3 സെക്യൂരിറ്റി ജീവനക്കാരെ ഇട്ടിട്ടുണ്ട്. നേരത്തേ അഞ്ച് ജീവനക്കാരെയാണ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരുന്നത്. ഈ നടപടിയ്ക്ക് സാധൂകരണം നൽകുന്നതിനായി സമർപ്പിക്കുന്നു.<br><br>കൂടാതെ 28.10.2014 ലെ G.O(P) No.466/2014/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01.10.2014 മുതൽ സെക്യൂരിറ്റി ജീവനക്കാരുടെ ദിവസവേതന നിരക്ക് 350 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഐ. കെ. എം. ഓഫീസിലെ 3 സെക്യൂരിറ്റി ജീവനക്കാരുടെ പ്രതിദിന വേതനം 350 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തി നൽകുന്നതിനുമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | അംഗീകരിച്ചു. |
| 6.22 | **ഇൻഫർമേഷൻ കേരള മിഷന്റെ 2015-16 വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.** |
| | ഇൻഫർമേഷൻ കേരള മിഷന്റെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അനുബന്ധമായി ചേർക്കുന്നു. ബഡ്ജറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| എടുത്ത തീരുമാനം | 2015-16 ലെ ബഡ്ജറ്റ് 2013-14 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിനു ശേഷം അംഗീകരിക്കുന്നതാണ്. |

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
(മെമ്പർ സെക്രട്ടറി)

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
(ചെയർമാൻ)

James Varghese
Principal Secretary to Government
Local Self Government & Port Dept.
Government Secretariat, Tvpm.
Tel : 2517219, Telefax : 2320434